**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T4170 20.03.2018-ൽ മറുപടിയ്ക്ക്.

**ജനകീയാസൂത്രണത്തിന്റെ ഗുണദോഷങ്ങൾ**

| **ചോദ്യം**<br><br>**ശ്രീ.ഒ. രാജഗോപാൽ** | **മറുപടി**<br>**ഡോ.കെ.റ്റി.ജലീൽ**<br>**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
|---|---|
| ജനകീയാസൂത്രണത്തിന്റെ നേട്ടം, കോട്ടം എന്നിവയെപ്പറ്റി ഏതെങ്കിലും ഏജൻസി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ജനകീയാസൂത്രണത്തിന്റെ ഗുണദോഷങ്ങൾ വിശദമാക്കാമോ? | ഉണ്ട്. ജനകീയാസൂത്രണം ആരംഭിച്ച ശേഷം നിരവധി ഘട്ടങ്ങളിലായി നേട്ട-കോട്ടങ്ങൾ വിശകലനം ചെയ്തു കൊണ്ടുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാന സർക്കാർ നിയോഗിച്ചിട്ടുള്ള കമ്മീഷൻ റിപ്പോർട്ടുകളും ഉണ്ട്. നേട്ട-കോട്ടങ്ങൾ സംബന്ധിച്ച് സമ്മിശ്ര സ്വഭാവമുള്ള കണ്ടെത്തലുകളാണ് പഠനങ്ങൾ മുന്നോട്ടു വയ്ക്കുന്നത്. എന്നാൽ ഏതാണ്ട് എല്ലാ പഠനങ്ങളും, ജനകീയാസൂത്രണം ഭരണത്തിന്റെ ജനാധിപത്യവത്കരണത്തെ സഹായിച്ചു എന്നാണ് കണ്ടെത്തിയിട്ടുള്ളത്. പ്രാദേശിക ഗവൺമെന്റുകൾ പശ്ചാത്തല മേഖലയിലും സേവന മേഖലയിലും വലിയ നേട്ടങ്ങൾ ഉണ്ടാക്കിയെന്നും പൊതുവേ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ